വള്ളങ്ങളിൽ യന്ത്രം പിടിപ്പിക്കൽ, നവീന മത്സ്യ ബന്ധനയാനങ്ങൾ വിതരണം ചെയ്യുക, മത്സ്യബന്ധന വലകൾ വാങ്ങുന്നതിന് ധനസഹായം, കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം നടപ്പാക്കൽ, കൃത്രിമ പാർ സ്ഥാപിക്കുന്നതിനുള്ള പൈലറ്റ് പദ്ധതി തുടങ്ങിയവ നടപ്പാക്കിവരുന്നു.

പൊയ്യ സർക്കാർ ഫിഷ് ഫാം ട്രെയിനിംഗ് സെന്റർ

23 (2898) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാളനിയോജക മണ്ഡലത്തിലെ പൊയ്യ സർക്കാർ ഫിഷ്ഫാം ട്രെയിനിംഗ് സെന്റർ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1989 മുതൽ ശാസ്ത്രീയമായ രീതിയിൽ ചെമ്മീൻകൃഷി നടത്തുകയും ലാഭത്തിൽ പ്രവർത്തിക്കുകയും ചെയ്തിരുന്ന ഈ സ്ഥാപനം നഷ്ടത്തിൽ പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ ഫാമിലെ തൊഴിലാളികൾക്ക് സ്ഥിരം തൊഴിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചെമ്മീൻ വൈറസ് രോഗം ബാധിച്ചതുകൊണ്ട് പൊയ്യ ഫാമിൽ മൂന്നു സീസണുകളിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) പൊയ്യ ഫാമിൽ ചെമ്മീൻ കൃഷി നടത്തുന്നതിനുവേണ്ടിയാണ് ദിവസകൂലിയിനത്തിൽ തൊഴിലാളികളെ നിയോഗിച്ചുവരുന്നത്. ഈ കാലയളവിൽ ഇവർക്ക് പരമാവധി തൊഴിലവസരം ലഭ്യമാകുന്നുണ്ട്.

ജനകീയ മത്സ്യകൃഷിക്ക് കരാറടിസ്ഥാനത്തിലുള്ള നിയമനം

24 (2899) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിൽ ജനകീയ മത്സ്യകൃഷി നടപ്പിലാക്കാൻ വേണ്ടി എത്ര പേരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട് ;

(ബി) നിയമന വ്യവസ്ഥകളും സംവരണ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണോ ഈ നിയമനങ്ങൾ നടത്തിയത് ; അല്ലെങ്കിൽ കാരണം അറിയിക്കുമോ ; ഈ നിയമനങ്ങൾ രണ്ടായിരത്തിനുമാണ്ടിലും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) മലബാർ പ്രദേശത്തുനിന്നുള്ള ആരെയെങ്കിലും ഈ നിയമനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരം നിയമന നടപടികൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജനകീയ മത്സ്യകൃഷി നടപ്പിലാക്കാൻവേണ്ടി കരാർ വ്യവസ്ഥയിൽ 49 ഫിഷറീസ് എക്സ്ടെൻഷൻ ഓഫീസർമാരെയും 19 ജലകൃഷി വിദഗ്ദ്ധരേയും നിയമിക്കുകയുണ്ടായി.

(ബി) ഈ നിയമനങ്ങൾ നടത്തിയപ്പോൾ നിയമന വ്യവസ്ഥകളും സംവരണ മാനദണ്ഡങ്ങളും ലംഘിച്ചിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തിയത്. ഇവരുടെ നിയമനം തുടരുന്നതിനെ സംബന്ധിച്ച് ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

(സി) എംപ്ലോയ്മെന്റ് എക്സേഞ്ചിൽ നിന്നും (പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ്) ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കൂടിക്കാഴ്ച നടത്തിയാണ് നിയമനം നടത്തിയിട്ടുള്ളത്. ഇതിൽ മലബാർ പ്രദേശത്തുനിന്നുള്ള ആൾ എന്ന കാരണത്താൽ ആരെയും നിയമനത്തിൽ ഉൾപ്പെടുത്താതിരുന്നിട്ടില്ല.

(ഡി) നിയമന വ്യവസ്ഥകൾ ലംഘിച്ച് നിയമനങ്ങൾ നടത്തിയിട്ടില്ല.

കനകക്കുന്നിലെ അലങ്കാര മത്സ്യ പ്രദർശനം

25 (2900) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99, 1999-2000 വർഷങ്ങളിൽ മത്സ്യ ഫെഡ്ഡിന്റെ നേതൃത്വത്തിൽ കനകക്കുന്നു കൊട്ടാരവളപ്പിൽ അലങ്കാര മത്സ്യ പ്രദർശനങ്ങൾക്കായി ഓരോ വർഷവും എത്ര രൂപ ചെലവഴിച്ചു ; ഇതിനാവശ്യമായ പണം എവിടെ നിന്നെല്ലാമാണ് ലഭിച്ചത് ;

(ബി) 1999-ൽ കോഴിക്കോട് നടത്തിയ "മത്സ്യ അലങ്കാർ" ആരാണ് സംഘടിപ്പിച്ചത് ;

(സി) ഇതിനായി ഫിഷറീസ് വകുപ്പ് മത്സ്യഫെഡ്, അഡാക്ക് മത്സ്യബോർഡ് എന്നീ സ്ഥാപനങ്ങൾ എന്തു തുക ചെലവഴിച്ചു ;

(ഡി) ഈ നാലു അലങ്കാരമത്സ്യ പ്രദർശനത്തിനും ഗേറ്റ് കളക്ഷനിലൂടെ ഓരോ വർഷവും എത്ര രൂപ പിരിച്ചെടുത്തു ;

(ഇ) ഈ തുക സർക്കാരിലേയ്ക്ക് അടച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly